# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ജൂലൈ 26**

---

## പുസ്തകം പ്രശാനം ചെയ്തു

പ്രഫ. സെബാസ്റ്റ്യൻ വട്ടമറ്റം എഴുതിയ ലകാനും സിസെക്കും: മനസ്സ്, മതം, മാർക്സിസം എന്ന പുസ്തകത്തിൻറെ പ്രകാശനം മഹാത്മാ ഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സിൽ നടന്നു.

സെൻറർ ഫോർ വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ് ചെയർ പേഴ്സൺ ഡോ. എം.വി ബിജുലാൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രഫ. പി.പി. രവീന്ദ്രൻ പ്രകാശനകർമ്മം നിർവഹിച്ചു.

നവീന ദർശനങ്ങളെ പരിചയപ്പെടുത്തുവാനുള്ള മലയാളത്തിലെ ദീർഘകാലങ്ങളായുള്ള ശ്രമത്തിൻറെ തുടർച്ചയാണ് പുസ്തകമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

നർത്തകിയും നടിയുമായ ലാഫിയ സെബാസ്റ്റ്യൻ പുസ്തകം ഏറ്റു വാങ്ങി. വിഖ്യാത ചിന്തകൻ സ്ലവോയ് സിസേക്കിൻറെ സന്ദേശം പ്രഫ. പി.ജെ. തോമസ് വായിച്ചു.

നവാസ് എം. ഖാദർ പുസ്തകാവതണം നടത്തി. പ്രഫ. സെബാസ്റ്റ്യൻ വട്ടമറ്റം. ഡോ. ജോസി ജോസഫ്, ഡോ. ഉമർ നിസറുദ്ദീൻ, ഡോ. എ.എ. ബിനോയ്, ജോസ് ദീപക് , അഞ്ജുഷ എ എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ/39/882/2023)

## ബിരുദം; സപ്ലിമെൻററി റാങ്ക് ലിസ്റ്റ്

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ബിരുദ ഏകജാലക പ്രവേശനത്തിന് ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലേക്കും സ്പോർട്സ് ക്വാട്ടയിലെ അധിക സീറ്റുകളിലേക്കുമുള്ള സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിവർ കോളേജുകളുമായി ബന്ധപ്പെട്ട് ജൂലൈ 31ന് വൈകുന്നേരം നാലിനു മുൻപായി പ്രവേശനം നേടണം.

(പി.ആർ.ഒ/39/883/2023)

## കമ്യൂണിറ്റി മെരിറ്റ് ക്വാട്ട ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറ്

എം.ജി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ബിരുദ പ്രവേശനത്തിൻറെ കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ടയുടെ ഒന്നാം സപ്ലിമെൻററി അലോട്ട്മെൻ്റ് പ്രസിദ്ധീകരിച്ചു.

അലോട്ട്മെൻറ് ലഭിച്ചവർ ജൂലൈ 31ന് വൈകുന്നേരം നാലിനു മുൻപ് പ്രവേശനം നേടണം.

നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവേശനം നേടാത്തവരുടെ അലോട്ട്മെൻറ് റദ്ദാകും.

(പി.ആർ.ഒ/39/884/2023)

## എം.ജി പ്രൈവറ്റ് രജിസ്ട്രേഷൻ യു.ജി, പി.ജി; അപേക്ഷാ സമയപരിധി നീട്ടി

മഹാത്മാ ഗാന്ധി സർവകലാശാലയുടെ പ്രൈവറ്റ് രജിസ്ട്രേഷൻ 2023-24 യു.ജി, പി.ജി പ്രോഗ്രാമുകളുടെ ഫുൾ,നോൺ ഫുൾ കോഴ്സുകളിലേക്ക് സെപ്റ്റംബർ 30 വരെ പിഴയില്ലാതെ അപേക്ഷ നൽകാം.

ഒക്ടോബർ ഒന്നു മുതൽ 16 വരെ പിഴയോടു കൂടിയും ഒക്ടോബർ 17 മുതൽ 31 വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/885/2023)

## എം.ജി. സർവകലാശാലയിൽ പി.ജി സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻഡ് റോബോട്ടിക്സ് വകുപ്പിൽ എം.എസ്.സി ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻഡ് മെഷീൻ ലേണിംഗ് കോഴ്സിൽ(2023 അഡ്മിഷൻ) സംവരണ(എസ്.സി,എസ്.ടി, ഒ.ഇ.സി) വിഭാഗത്തിൽ സീറ്റ് ഒഴിവുണ്ട്.

അർഹരായ വിദ്യാർഥികൾ ആവശ്യമായ രേഖകൾ സഹിതം ജൂലൈ 31ന് രാവിലെ 10ന് കൺവെർജൻസ് അക്കാഡമിയ കോംപ്ലക്സിലെ വകുപ്പ് ഓഫീസിൽ(റൂം നമ്പർ 514) നേരിട്ടു ഹാജരാകണം.

ബിരുദ പരീക്ഷയുടെ മാർക്ക് ലിസ്റ്റ്, ഡിഗ്രി അല്ലെങ്കിൽ പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, കോഴ്സ് ആൻഡ് കോണ്ടക്ട് സർട്ടിഫിക്കറ്റ്, മൈഗ്രേഷൻ സർട്ടിഫിക്കറ്റ്, എസ്.എസ്.എൽ.സി, പ്ലസ് ടു സർട്ടിഫിക്കറ്റുകൾ, ഇക്വലൻസി അല്ലെങ്കിൽ എലിജിബിലിറ്റി സർട്ടിഫിക്കറ്റ്(ആവശ്യമെങ്കിൽ) എന്നിവയുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സെറ്റ് പകർപ്പുകളുമാണ് വേണ്ടത്. മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോകളും അഡ്മിഷൻ ഫീസായ 2760 രൂപയും കൊണ്ടുവരണം.

ഫോൺ: 9895459052, 9605295506.

...................................

സ്കൂൾ ഓഫ് എൻവയോൺമെൻറ സയൻസസിൽ എം.എസ്.സി അപ്ലൈഡ് ജിയോളജി കോഴ്സിന് പട്ടിക ജാതി വിഭാകത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. താത്പര്യമുള്ളവർ യോഗ്യതാ രേഖകളും ജാതി തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം ജൂലൈ 31ന് രാവിലെ 11ന് സ്കൂൾ ഓഫീസിൽ എത്തണം. ഫോൺ: 7510741394

....................

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച എം.എ(എസ്.ഡബ്ല്യു.ഡി.എസ് ആൻറ് എ) 2023-24 ബാച്ചിൽ പട്ടിക ജാതി വിഭാഗത്തിൽപെട്ടവർക്ക് സംവരണം ചെയ്യപ്പെട്ടവ ഉൾപ്പെടെ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താത്പര്യമുള്ളവർ അസൽ യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി ജൂലൈ 31ന് രാവിലെ 11ന് മുൻപ് വകുപ്പ് ഓഫീസിൽ എത്തണം. ഫോൺ: 0481 - 2731034

.....................

സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ മാസ്റ്റർ ഓഫ് ടൂറിസം ആൻറ് ട്രാവൽ മാനേജ്മെൻറ് (എം.ടി.ടി.എം)പ്രോഗ്രാമിൽ 2023-24 അധ്യയന വർഷം എസ്.ടി വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്.

ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവർക്കാണ് അവസരം. പ്രവേശനം ആഗ്രഹിക്കുന്നവർ സർട്ടിഫിക്കറ്റുകളുമായി ജൂലൈ 31ന് രാവിലെ 10ന് സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് ഓഫീസിൽ എത്തണം.

ഫോൺ- 0481 2732922, 9847700527.

.......................

സ്കൂൾ ഓഫ് ഡാറ്റാ അനലിറ്റിക്സിൽ എം.എസ്.സി ഡാറ്റ സയൻസ് ആൻറ് അനലിറ്റിക്സ് 2023 ബാച്ചിലേക്ക് എസ്.സി വിഭാഗത്തിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

യോഗ്യരായവർ അസൽ രേഖകളുമായി ജൂലൈ 31 രാവിലെ 10.30ന് കൺവെർജൻസ് അക്കാദമിയ കോംപ്ലക്സിലെ വകുപ്പ് ഓഫീസിൽ(റൂം നമ്പർ 520) നേരിട്ട് ഹാജരാകണം. ഫോൺ: 8304870247 ഇമെയിൽ: sda@mgu.ac.in

....................

സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിൽ എം.എസ്.സി മാത്തമാറ്റിക്സ് 2023 ബാച്ചിൽ ഏതാനു സീറ്റുകൾ ഒഴിവുണ്ട്.

യോഗ്യരായവർ അസൽ രേഖകളുമായി ജൂലൈ 31 രാവിലെ 10.30ന് വകുപ്പ് ഓഫീസിൽ നേരിട്ട് ഹാജരാകണം. ഫോൺ: 8304870247. ഇമെയിൽ: sms@mgu.ac.in

(പി.ആർ.ഒ/39/886/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ ബി.എഡ്(2016,2017 അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഓഗസ്റ്റ് 16 വരെ പിഴയില്ലാതെ ഫീസ് അടച്ച് അപേക്ഷിക്കാം.

ഓഗസ്റ്റ് 17ന് പിഴയോടു കൂടിയും ഓഗസ്റ്റ് 18ന് സൂപ്പർഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

ആദ്യ മെഴ്സി ചാൻസുകാർ 5795 രൂപയും രണ്ടാം മെഴ്സി ചാൻസുകാർ 8110 രൂപയും സ്പെഷ്യൽ ഫീസ് ആയി പരീക്ഷാഫീസിനും സി.വി ക്യാമ്പ് ഫീസിനുമൊപ്പം അടയ്ക്കണം.

(പി.ആർ.ഒ/39/887/2023)

## പ്രാക്ടിക്കൽ

മാർച്ചിൽ വിജ്ഞാപനം പുറപ്പെടുവിച്ച ഒന്നാം സെമസ്റ്റർ എം.എ അനിമേഷൻ, ഗ്രാഫിക് ഡിസൈൻ, മൾട്ടിമീഡിയ, സിനിമ ആൻറ് ടെലിവിഷൻ, പ്രിൻറ് ആൻറ് ഇലക്ട്രോണിക് ജേണലിസം(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 - 2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് ഏഴ് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/888/2023)

## പരീക്ഷാ ഫലം

ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ(2015 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ ഓഗസ്റ്റ് ഒൻപതു വരെ ഫീസ് അടച്ച് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

...........................

മൂന്നാം സെമസ്റ്റർ എം.എസ്.സി മാത്തമാറ്റിക്സ് - മാർച്ച് 2023(2021 അഡ്മിഷൻ റഗുലർ, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 10 വരെ ഫീസ് അടച്ച് ഓൺലൈനിൽ അപേക്ഷിക്കാം.

...........................

കഴിഞ്ഞ നവംബറിൽ നടത്തിയ എട്ടാം സെമസ്റ്റർ ഐ.എം.സി.എ(2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ സപ്ലിമെൻററി), ഡി.ഡി.എം.സി.എ(2014 മുതൽ 2016 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ ഓഗസ്റ്റ് നാലു വരെ ഫീസ് അടച്ച് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

...........................

അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ എൽ.എൽ.ബി(ഓണേഴ്സ്) - ഏപ്രിൽ - 2023(2016,2017 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ ഓഗസ്റ്റ് ഒൻപതു വരെ ഫീസ് അടച്ച് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/889/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**